"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

കൃഷി വകുപ്പ് - "കൃഷി സമൃദ്ധി" പദ്ധതി - പ്രവർത്തന മാർഗ്ഗനിർദ്ദേശം, പദ്ധതി ആദ്യ ഘട്ടത്തിൽ നടപ്പിലാക്കുന്നതിലേക്കായി തെരഞ്ഞെടുത്ത തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പട്ടിക എന്നിവ അംഗീകരിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

**കൃഷി ( ആസൂത്രണം-ബി ) വകുപ്പ്**

സ.ഉ.(കൈ) നം.98/2024/AGRI തീയതി,തിരുവനന്തപുരം, 25-09-2024

പരാമർശം:-
1. സ.ഉ (സാധാ) നം.221/2022/കൃഷി, തീയതി 17.03.2022
2. സ.ഉ (സാധാ) നം.313/2022/കൃഷി, തീയതി 19.04.2022
3. സ.ഉ(സാധാ) നം.883/2022/കൃഷി, തീയതി 07.10.2022
4 സ.ഉ. (സാധാ) നം. 885/2023/കൃഷി, തീയതി 13.09.2023
5 സ.ഉ (കൈ) നം. 102/2023/കൃഷി, തീയതി 26.10.2023

**ഉത്തരവ്**

കേരളത്തിലെ എല്ലാ കുടുംബങ്ങളിലും കാർഷിക സംസ്കാരം ഉണർത്തുക, കേരളത്തെ ഭക്ഷ്യ സ്വയംപര്യാപ്തതയിൽ എത്തിക്കുക എന്നീ ലക്ഷ്യങ്ങളോടെ കൃഷിവകുപ്പിന്റെ നേതൃത്വത്തിൽ വിവിധ വകുപ്പുകളെ ഏകോപിപ്പിച്ചുകൊണ്ട് 'ഞങ്ങളും കൃഷിയിലേക്ക്' എന്ന ജനകീയ പദ്ധതി പരാമർശം (1) പ്രകാരം എല്ലാ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളും കേന്ദ്രീകരിച്ച് നടപ്പിലാക്കി. പ്രസ്തുത പരിപാടിയുടെ രണ്ടാം ഘട്ടമായി രൂപംകൊടുത്തിട്ടുള്ള പദ്ധതിയാണ് "കൃഷി സമൃദ്ധി". 'ഞങ്ങളും കൃഷിയിലേക്ക്' ന്റെ തുടർച്ചയായി നടത്തുന്ന ഈ പദ്ധതി സംസ്ഥാനത്താകെ രൂപീകരിച്ചിട്ടുള്ള ഉല്പാദന-സേവന-മൂല്യവർദ്ധിത മേഖലകളിലെ കൃഷിക്കൂട്ടങ്ങളുടെ ശാക്തീകരണത്തിലൂടെ ഭക്ഷ്യ സ്വയംപര്യാപ്തത, സുരക്ഷിത ഭക്ഷണം, കർഷകരുടെ വരുമാന വർദ്ധനവ് എന്നിവ ഉറപ്പാക്കുന്നതിനും കർഷക ഉൽപ്പാദക ഗ്രൂപ്പുകളുടെ (FPO) നേതൃത്വത്തിൽ ദ്വിതീയ കാർഷികവികസനത്തിൽ മികച്ച നേട്ടങ്ങൾ കൈവരിക്കുന്നതിനും ലക്ഷ്യംവയ്ക്കുന്നു.

കേരളത്തിലെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ കേന്ദ്രീകരിച്ച് മൂന്ന് ഘട്ടങ്ങളിലായി "കൃഷി സമൃദ്ധി" പ്രവർത്തനങ്ങൾ പൂർത്തീകരിക്കുന്നതിന് ലക്ഷ്യം വയ്ക്കുന്നു. വിവിധ കാർഷിക പാരിസ്ഥിതിക മേഖലകൾക്കും യൂണിറ്റുകൾക്കും ഊന്നൽ കൊടുത്തുകൊണ്ട്, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെയും വിവിധ വകുപ്പുകളുടെയും ഏജൻസികളുടെയും കൃഷി വകുപ്പിന്റെയും വിഭവ സംയോജനത്തിലൂടെ കേരളത്തിലെ 14 ജില്ലകളിൽ നിന്നും തെരഞ്ഞെടുത്ത 107 തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലാണ് (Beacon LSGIs) ആദ്യ ഘട്ടത്തിൽ ഈ സമഗ്ര കർമ്മപദ്ധതി (Comprehensive Agricultural Development Mission Programme) പങ്കാളിത്ത രീതിയിൽ നടപ്പിലാക്കുന്നത്. "ഞങ്ങളും കൃഷിയിലേക്ക്" പദ്ധതി മികച്ച രീതിയിൽ നടപ്പാക്കിയ തദ്ദേശ ഭരണ സ്ഥാപനം, വിവിധ മേഖലകളിൽ മികവുള്ള കൃഷി കൂട്ടങ്ങൾ ഉള്ള തദ്ദേശ സ്വയം

ഭരണ സ്ഥാപനം, കാർഷിക പ്രാധാന്യം ഏറ്റവും കൂടുതലുള്ള തദ്ദേശ സ്വയം ഭരണ പ്രദേശങ്ങൾ, തദ്ദേശഭരണ സ്ഥാപനം കഴിഞ്ഞ കാലങ്ങളിൽ കാർഷിക മേഖലയിൽ ചെയ്ത പ്രവർത്തനങ്ങൾ, കൃഷിക്കായി തദ്ദേശഭരണ സ്ഥാപനം വകയിരുത്തി വരുന്ന തുക, കാർഷിക മേഖലയുടെ പ്രോത്സാഹനത്തിനായി വിവിധ വകുപ്പുകളുമായി തദ്ദേശ ഭരണ സ്ഥാപനത്തിന്റെ ഏകോപന മികവ്, കർഷക ഉൽപാദന ഗ്രൂപ്പുകളുടെ സാന്നിധ്യം അഥവാ കർഷക ഉത്പാദന ഗ്രൂപ്പുകൾ ഉണ്ടാക്കുവാനുള്ള സാധ്യത, തുടങ്ങിയ ഘടകങ്ങളും ആദ്യഘട്ടത്തിൽ 107 തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളെ തെരഞ്ഞെടുക്കുന്നതിൽ പരിഗണിച്ചിട്ടുണ്ട്. ഘട്ടം,ഘട്ടമായി കാർഷിക പ്രാധാന്യമുള്ള കേരളത്തിലെ എല്ലാ തദ്ദേശഭരണ സ്ഥാപനങ്ങളിലും പദ്ധതി വ്യാപിപ്പിക്കും.

തദ്ദേശസ്വയംഭരണ സ്ഥാപന വാർഡ് തലത്തിൽ കൃഷിക്കൂട്ടങ്ങളുടെ നേതൃത്വത്തിൽ ഉൽപ്പാദന, മൂല്യവർദ്ധിത, സേവന /വിപണന മേഖലകൾ കൂട്ടിയിണക്കി സമഗ്രമായ 'മൈക്രോപ്ലാൻ' തയ്യാറാക്കി അവയെ പഞ്ചായത്ത്/നഗരസഭാ തലങ്ങളിൽ പദ്ധതിയാക്കി ആവശ്യമായ പിന്തുണ നൽകിക്കൊണ്ടും സാധ്യമായ എല്ലാ വിഭവങ്ങളും സംയോജിപ്പിച്ചുകൊണ്ടും അനുകരണീയ മാതൃകകൾ സൃഷ്ടിച്ചുകൊണ്ടും ആണ് പദ്ധതി നടപ്പിലാക്കുന്നത്.

<u>പദ്ധതി ലക്ഷ്യങ്ങൾ</u>

- കാർഷിക സാക്ഷരതാ യജ്ഞം
- കൃഷിക്ക് അനുയോജ്യമായ മുഴുവൻ പ്രദേശവും കൃഷി ചെയ്യുക.
- പഴം - പച്ചക്കറി അടക്കം സാധ്യമായ എല്ലാ ഭക്ഷ്യ വിളകളുടെയും ഉൽപ്പാദനത്തിൽ സ്വയംപര്യാപ്തത കൈവരിക്കുക.
- ദ്വിതീയ കാർഷിക വികസനത്തിന് (Secondary Agriculture) പ്രോത്സാഹനം നൽകുക.
- ഉന്നത മൂല്യമുള്ള വിളകളുടെ കൃഷി വ്യാപിപ്പിക്കുക. മൂല്യവർദ്ധിത കൃഷി പ്രോത്സാഹിപ്പിക്കുക.
- NAWODHAN സ്കീം മുഖാന്തരം പരമാവധി ആനുകൂല്യങ്ങളും വികസനവും സാധ്യമാക്കേണ്ടതാണ്.
- സഹകാരി SLA കരാറുകൾ മുഖാന്തരം പരമാവധി തരിശ് ഭൂമി ഇതിന് ഉപയൊഗപ്പെട്ടുത്തേണ്ടതാണ്.
- കർഷകരുടെ വരുമാനം ഇരട്ടിയാക്കുക. കൃഷിയിലൂടെ സ്ഥായിയായ സാമ്പത്തിക ഉന്നമനം പ്രാദേശിക തലം മുതൽ നേടിയെടുക്കുക.
- യുവതയെ കാർഷിക മേഖലയിലേക്ക് ആകർഷിക്കുക. ഒരു വാർഡിൽ നിന്നും 5 പുതിയ കർഷകരെ വീതം കണ്ടെത്തി പ്രതിവർഷം ഒരു ലക്ഷം യുവകർഷകരെ സൃഷ്ടിക്കുക.
- കാർഷിക സംരംഭകത്വം പ്രോത്സാഹിപ്പിക്കുക.
- നവീന കാർഷിക രീതികൾ ഫലപ്രദമായി ഉപയോഗപ്പെടുത്തുക. ഡിജിറ്റൽ സാങ്കേതിക വിദ്യകൾ പ്രയോജനപ്പെടുത്തുക.
- സുരക്ഷിതവും പോഷക സമൃദ്ധവുമായ ഭക്ഷ്യോൽപ്പാദനം, പോഷക സമൃദ്ധി മിഷൻ, ജൈവ കാർഷിക മിഷൻ എന്നിവയെ സംയോജിപ്പിച്ച് നടപ്പിലാക്കുക. കേരളഗ്രോ ഗ്രീൻ/ഓർഗാനിക് ബ്രാൻഡിങ്ങോടെ ഇവയെ പൊതു ഇടങ്ങളിൽ ആവശ്യാനുസരണം ലഭ്യമാക്കുക.
- കാർഷിക മേഖലയിൽ സാധ്യമായ എല്ലാ പ്രവർത്തനങ്ങളിലും യന്ത്രവൽക്കരണം പ്രോത്സാഹിപ്പിക്കുക. KAMCO മുഖാന്തരം യന്ത്രവൽക്കരണസംബന്ധമായ സഹായങ്ങൾ

ഏകോപിപ്പിക്കാവുന്നതാണ്.

- പ്രകൃതി വിഭവ പരിപാലനത്തോടെ കാലാവസ്ഥ വ്യതിയാനത്തിന്റെ അനന്തരഫലങ്ങളെ ലഘൂകരിക്കുക.
- കാർഷിക കയറ്റുമതി പ്രോത്സാഹിപ്പിക്കുക.
- പ്രാദേശിക വിപണന കേന്ദ്രങ്ങൾ ശാക്തീകരിച്ചും പുതിയ കേന്ദ്രങ്ങൾ സ്ഥാപിച്ചും വിപണികളെ തമ്മിൽ ബന്ധിപ്പിച്ചും സ്റ്റോക്ക് ആൻഡ് ലോജിസ്റ്റിക് മാനേജ്മന്റ് നടപ്പിലാക്കിയും വിപണനമേഖല ശക്തമാക്കുക.
- കാർഷിക മേഖലയിലൂന്നിയ പ്രാദേശിക സാമ്പത്തിക വികസനം സാധ്യമാക്കുക.
- കാർഷിക മേഖലയിൽ മൂന്ന് ലക്ഷം പുതിയ തൊഴിലവസരങ്ങൾ 2026 ഓടെ സൃഷ്ടിക്കുക.
- മാതൃകാ കൃഷിയിടങ്ങൾ സൃഷ്ടിച്ച് കൃഷിയധിഷ്ഠിത വിനോദസഞ്ചാരം പ്രോത്സാഹിപ്പിക്കുക.

മേൽ ലക്ഷ്യങ്ങൾ കൈവരിക്കുന്നതിനായി ഇതോടൊപ്പം യഥാക്രമം അനുബന്ധം 1, 2 ആയി ഉള്ളടക്കം ചെയ്തിരിക്കുന്ന "കൃഷിസമൃദ്ധി" പദ്ധതി പ്രവർത്തനങ്ങൾക്കായി തയ്യാറാക്കിയ മാർഗ്ഗനിർദ്ദേശങ്ങൾ, പ്രസ്തുത പദ്ധതി പൈലറ്റ് അടിസ്ഥാനത്തിൽ നടപ്പിലാക്കുന്നതിലേക്കായി 14 ജില്ലകളിൽ നിന്നായി തെരഞ്ഞെടുത്ത തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പട്ടിക എന്നിവ അംഗീകരിച്ച് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
പ്രശാന്ത് എൻ ഐ എ എസ്
സ്പെഷ്യൽ സെക്രട്ടറി

ഡയറക്ടർ, കാർഷിക വികസന കർഷക ക്ഷേമ വകുപ്പ്
ഡയറക്ടർ, മണ്ണ് പര്യവേഷണ മണ്ണ് സംരക്ഷണ വകുപ്പ്
രജിസ്ട്രാർ, കേരള കാർഷിക സർവലാശാല
എല്ലാ പ്രിൻസിപ്പൽ കൃഷി ഓഫീസർമാർക്കും (കൃഷി ഡയറക്ടർ മുഖേന)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ് /എ&ഇ) കേരള, തിരുവനന്തപുരം.
ധനകാര്യ/ ആസൂത്രണ സാമ്പത്തിക കാര്യ വകുപ്പ്
വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ )വകുപ്പ്
സ്റ്റോക്ക് ഫയൽ/ ഓഫിസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by
Nisha T K
Date: 26-09-2024 12:08:07
സെക്ഷൻ ഓഫീസർ

പകർപ്പ് :-
ബഹു. മുഖ്യമന്ത്രിയുടെയും ബഹു. മന്ത്രിമാരുടെയും പ്രൈവറ്റ് സെക്രട്ടറിമാർക്ക്.
കാർഷികോല്പാദന കമ്മീഷണർ & പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എ യ്ക്ക്
ആസൂത്രണ സാമ്പത്തിക കാര്യ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എ.യ്ക്ക്
തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പിഎ യ്ക്ക്
മൃഗസംരക്ഷണ വകുപ്പ്, ക്ഷീര വകുപ്പ്, മത്സ്യബന്ധന വകുപ്പ് , ജലസേചന വകുപ്പ് സെക്രട്ടറിമാരുടെ സി.എ. യ്ക്ക്
കൃഷി വകുപ്പ് സ്പെഷ്യൽ സെക്രട്ടറിയുടെ സി.എ -യ്ക്ക്

## അനുബന്ധം-1

## "കൃഷി സമൃദ്ധി"പദ്ധതി - മാർഗ്ഗനിർദ്ദേശങ്ങൾ

**ആസൂത്രണം**

“കൃഷി സമൃദ്ധി” പദ്ധതി പ്രകാരം കൃഷിക്കൂട്ടങ്ങളെ ആധാരമാക്കി കാർഷിക മേഖലയിലൂന്നിയ പ്രാദേശിക സാമ്പത്തിക വികസനം സാധ്യമാക്കുന്നതിന് വിവിധ തലങ്ങളിൽ ആസൂത്രണം ചെയ്യേണ്ട പ്രവർത്തനങ്ങൾ ചുവടെ ചേർക്കുന്നു.

"ഞങ്ങളും കൃഷിയിലേക്ക് “ പദ്ധതിയുടെ തുടർച്ചയായാണ് “കൃഷി സമൃദ്ധി” പദ്ധതി നടപ്പിലാക്കുന്നത്. തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ വാർഡ് തലത്തിൽ അതാത് പ്രദേശത്തിന്റെയും വിളകളുടെയും പ്രത്യേകതയെ അടിസ്ഥാനമാക്കി തയ്യാറാക്കുന്ന ഉല്പാദന വിളനിർണ്ണയ വിപണന രേഖ പ്രകാരം തദ്ദേശ ഭരണ സ്ഥാപന തലത്തിൽ “കാർഷിക വികസന ആസൂത്രണ രേഖ" തയ്യാറാക്കണം. വാർഡ് തലം മുതൽ തദ്ദേശ ഭരണ സ്ഥാപന തലം വരെ ക്രോഡീകരിക്കുന്ന ഈ ഉല്പാദന വിളനിർണ്ണയ വിപണനരേഖയുടെ അടിസ്ഥാനത്തിൽ തയ്യാറാക്കുന്ന കാർഷിക വികസന ആസൂത്രണ രേഖ പ്രകാരമാണ് പദ്ധതികൾ നടപ്പിലാക്കേണ്ടത്. ഉൽപാദന സേവന വിപണന മേഖലയിലുള്ള കൃഷിക്കൂട്ടങ്ങൾക്കാണ് പദ്ധതി നടത്തിപ്പ് ചുമതല.

തയ്യാറാക്കപ്പെടുന്ന 'ഉൽപാദന വിളനിർണയ വിപണന രേഖ' യുടെ അടിസ്ഥാനത്തിൽ ഉൽപാദന, മൂല്യ വർദ്ധന, സേവന/ വിപണന പ്രവർത്തനങ്ങൾ നടത്തുന്നതിനായി നിലവിലുള്ള മൂന്ന് മേഖലകളിലെയും കൃഷിക്കൂട്ടങ്ങളെ ചുമതലപ്പെടുത്തേണ്ടതാണ്. ഉല്പാദന മേഖലയിലെ കൃഷിക്കൂട്ടങ്ങൾ ഉൾപ്പെടെയുള്ള കർഷക ഗ്രൂപ്പുകളും വ്യക്തിഗത കർഷകരും അധികമായി ഉൽപ്പാദിപ്പിക്കുന്ന ഉല്പന്നങ്ങൾ മൂല്യവർദ്ധിത മേഖലയിലെ കൃഷിക്കൂട്ടങ്ങളുമായി ബന്ധിപ്പിക്കേണ്ടതും സാധ്യതയനുസരിച്ചുള്ള മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ ഉല്പാദിപ്പിക്കുന്നതിനുള്ള മൂല്യവർദ്ധന പ്ലാനും വിപണന പ്ലാനും തയ്യാറാക്കേണ്ടതുമാണ്.

കാർഷിക വികസന രേഖയിൽ ഉൾപ്പെടുന്ന പ്രവർത്തനങ്ങളിൽ ദ്വിതീയ കാർഷിക മേഖലയ്ക്ക് പ്രാധാന്യം നൽകി കൊണ്ടുള്ള പ്രവർത്തനങ്ങൾ തദ്ദേശ സ്വയംഭരണ സ്ഥാപനതലത്തിൽ നടപ്പിലാക്കുന്നതിനായി ഈ പ്രവർത്തനങ്ങളിൽ ഏർപ്പെടുന്ന കൃഷിക്കൂട്ടങ്ങളെ കൂട്ടിയിണക്കി എഫ്.പി.ഒ കൾ (കർഷക ഉത്പാദക സംഘടനകൾ) സാധ്യമായ എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലും "കൃഷിസമൃദ്ധി" പദ്ധതിയുടെ ഭാഗമായി ഘട്ടം ഘട്ടമായി രൂപീകരിക്കേണ്ടതാണ്. ആദ്യ ഘട്ടത്തിൽ ഇവ ചാരിറ്റബിൾ സൊസൈറ്റീസ് ആക്ട് പ്രകാരം ആയിരിക്കണം രജിസ്റ്റർ ചെയ്യേണ്ടത്. ഇതിനായി പൊതുവായ ബൈലോ കൃഷി ഡയറക്ടർ തയ്യാറാക്കി നൽകുന്നതാണ്. നിലവിൽ ലക്ഷ്യം വയ്ക്കുന്ന മേഖലയിൽ പ്രവർത്തിക്കതക്കവിധം കർഷക ഉൽപ്പാദന സംഘടനകൾ കൃഷിക്കൂട്ടങ്ങളുടെ കൂട്ടായ്മയോടെ ബ്ലോക്ക് തലത്തിലോ കൃഷിഭവൻ തലത്തിലോ ഉണ്ടെങ്കിൽ അവയെ ശാക്തീകരിച്ച മേഖലയിൽ പ്രവർത്തിപ്പിക്കുന്നതിനായിരിക്കണം

മുൻഗണന നൽകേണ്ടത്. ഫാം പ്ലാൻ പദ്ധതി പ്രകാരം രൂപീകരിച്ചിട്ടുള്ള എഫ്.പി.ഒ കളിലേക്ക് കൃഷിക്കൂട്ടങ്ങളെക്കൂടി ചേർത്ത് ശാക്തീകരിച്ചുകൊണ്ടും തദ്ദേശ സ്വയംഭരണ സ്ഥാപനത്തിൽ ഏറ്റെടുക്കുന്ന കാർഷിക പ്രവർത്തനങ്ങളെ കാര്യക്ഷമമായി നടപ്പിലാക്കാവുന്നതാണ്. എല്ലാ തദ്ദേശ ഭരണ സ്ഥാപനത്തിലും എഫ്.പി.ഒ യുടെ കാര്യക്ഷമമായ പ്രവർത്തനം ഉറപ്പാക്കേണ്ടതാണ്. ആവശ്യമുള്ള ഉൽപാദനോപാധികളുടെ നിർമ്മാണം, സംഭരണം, വിതരണം, ഉൽപാദനത്തിനും മൂല്യ വർദ്ധനവിനും വിപണനത്തിനും ആവശ്യമായ സേവന പ്രവർത്തനങ്ങൾ നൂതന സാങ്കേതികവിദ്യകൾ സ്വായത്തമാക്കുന്നതിനുള്ള പ്രവർത്തനങ്ങളും പരിശീലനങ്ങൾ സംഘടിപ്പിക്കലും തുടങ്ങി കാർഷിക മേഖലയിലൂടെ കൈവരിക്കാൻ കഴിയുന്ന പ്രാദേശിക സാമ്പത്തിക വികസനത്തിന് ഉതകുന്ന എല്ലാ പ്രവർത്തനങ്ങളും എഫ്.പി.ഒ കൾക്ക് ഏറ്റെടുത്ത് നടത്താവുന്നതാണ്.

**സമീപനം**

- വാർഡിലെ സമാന കൃഷികളെ അടിസ്ഥാനമാക്കി കർഷകരെ ഉൾപ്പെടുത്തി കൃഷിക്കൂട്ടങ്ങളെ തയ്യാറാക്കണം. വിലയിരുത്തലിന്റെ അടിസ്ഥാനത്തിൽ നിലവിലുള്ള പ്രവർത്തന ക്ഷമമായ കൃഷിക്കൂട്ടങ്ങളെ ഉപയോഗപ്പെടുത്തണം. ആവശ്യമെങ്കിൽ കൂടുതൽ കൃഷിക്കൂട്ടങ്ങൾ രൂപീകരിക്കണം.
- കൃഷിക്കൂട്ടങ്ങളുടെ അംഗസംഖ്യ 5 മുതൽ 20 വരെ ആക്കി നിശ്ചയിക്കേണ്ടതാണ്. നിലവിലുള്ള കൃഷിക്കൂട്ടങ്ങളിൽ 20 ൽ അധികം അംഗസംഖ്യ ഉണ്ടെങ്കിൽ ആ കൃഷിക്കൂട്ടങ്ങളെ പുനർ വിന്യസിക്കാവുന്നതാണ്. വ്യക്തിഗത കർഷകനും സ്വന്തം കൃഷിയിടത്തിൽ കാർഷികവൃത്തിയിൽ ഏർപ്പെട്ടു കൊണ്ട് കൃഷിക്കൂട്ടത്തിൽ അംഗമാകാവുന്നതാണ്. നിലവിലുള്ള കാർഷിക കർമ്മസേനകളെ സേവന മേഖലയിലെ കൃഷിക്കൂട്ടങ്ങളായി പരിഗണിക്കാവുന്നതാണ്.
- കൃഷിക്കൂട്ടത്തിന്റെ കൃഷിയുമായി സംബന്ധിച്ച് നില നിൽക്കുന്ന അടിസ്ഥാന സൗകര്യം, സാങ്കേതികം, വിപണനം, മൂല്യവർധന എന്നിവയുമായി ബന്ധപ്പെട്ട വെല്ലുവിളികൾ പരിഹരിക്കുവാനുള്ള നടപടികൾ സ്വീകരിക്കണം.
- വാർഡിലുള്ള കൃഷിയോഗ്യമായ തരിശ് നിലങ്ങൾ കണ്ടെത്തി രേഖപ്പെടുത്തണം. ഡിജിറ്റൽ പ്ലാറ്റ്ഫോമായ AIMS/KATHIR പോർട്ടൽ/ആപ്പ് ഉപയോഗപ്പെടുത്തി കർഷകരുടെയും, കൃഷിയുടെയും, കൃഷിയിടത്തിന്റെയും വാർഡ് തലം മുതലുള്ള അടിസ്ഥാന കാർഷിക വിവരങ്ങൾ കൃഷിക്കൂട്ടങ്ങൾ വഴി ശേഖരിക്കുകയും ക്രോഡീകരിക്കുകയും അതാത് സമയങ്ങളിൽ വിവരങ്ങൾ അപ്ഡേറ്റ് വരുത്തുകയും ചെയ്യണം. വാർഡിൽ ഉള്ള വീടുകളുടെ എണ്ണം, ജനസംഖ്യ, കൃഷി ഭൂമിയുടെ വിസ്തൃതി, തരിശ് ഭൂമി, പശു, ആട് എന്നിവ കൃഷി ചെയ്യുന്നവരുടെ വിവരങ്ങൾ, ജലസേചന സൗകര്യങ്ങൾ, കാർഷിക വായ്പകൾ എടുത്തിട്ടുള്ളവരുടെ വിവരങ്ങൾ , കാർഷിക യന്ത്രങ്ങൾ തുടങ്ങിയ വിവരങ്ങൾ അടിസ്ഥാന വിവരങ്ങളിൽ ഉൾപ്പെടണം . ഇതിന്റെ അടിസ്ഥാനത്തിൽ ഉരുത്തിരിഞ്ഞു വരുന്നതായിരിക്കണം കൃഷിഭവൻ കേന്ദ്രീകരിച്ചുള്ള ഉൽപാദന വിളനിർണ്ണയ വിപണന രേഖ.
- വാർഡ് തല ഉൽപ്പാദന വിള നിർണ്ണയ വിപണന രേഖ തയ്യാറാക്കുന്നതിന് കർഷകർ, കർഷക തൊഴിലാളികൾ, കാർഷിക വിദഗ്ധർ, കുടുംബശ്രീ, അയൽക്കൂട്ടങ്ങൾ, ആശാവർക്കർമാർ, അംഗൻവാടി ടീച്ചർമാർ, പ്രധാനാധ്യാപകർ, ഗ്രാമ തലത്തിലുള്ള സ്കൂളുകൾ, കാർഷിക മേഖലയിൽ പ്രവർത്തിക്കുന്ന സംഘടനകൾ, ക്ലബുകൾ, ഹൌസിങ് കോളനികൾ, സ്ഥാപനങ്ങൾ, കോളനികൾ, ഫ്ലാറ്റുകൾ, തുടങ്ങിയവരിൽ നിന്നുള്ള ആശയങ്ങൾ ക്രോഡീകരിക്കണം.
- പരമാവധി കാർഷികോല്പാദനത്തിനും, വാർഡ് പരിധിയിലെ കഴിയുന്നത്ര ജനതയെ കാർഷിക

മേഖലയുമായി ബന്ധപ്പെടുത്തുന്നതിനും പ്രാദേശിക തലത്തിൽ വിപണന സാദ്ധ്യതകൾ കണ്ടെത്തുന്നതിനും നടപടി തുടങ്ങണം.

- കാർഷിക സേവനങ്ങളെയും കർഷക തൊഴിലാളികളെ ഏകോപിപ്പിക്കുകയും സാങ്കേതിക വൈദഗ്ധ്യം നേടുന്നതിന് സഹായിക്കുകയും ചെയ്യണം.
- ഉൽപ്പാദന വിള നിർണ്ണയ വിപണന രേഖയെ അടിസ്ഥാനമാക്കി വിള നിശ്ചയിക്കണം. കൃഷി ചെയ്യുന്നതിനുള്ള കൃഷിയിടങ്ങൾ കണ്ടെത്തണം.
- കൃഷി ചെയ്യുന്നതിനുള്ള ഭൗതിക സാഹചര്യങ്ങളും സാങ്കേതിക സഹായങ്ങളും എത്തിക്കണം.
- വാർഡിലെ പ്രമുഖരെയും കൃഷി ചെയ്യാൻ താല്പര്യമുള്ളവരെയും കാർഷിക മേഖലയിലേക്ക് ആകർഷിക്കണം
- പൊതു ഇടങ്ങൾ കൃഷിയോഗ്യമാക്കുന്നതിനുള്ള സാദ്ധ്യതകൾ കണ്ടെത്തി കൃഷിയോഗ്യമാക്കണം. കാർഷിക വിഭവങ്ങളുടെ മൂല്യവർദ്ധനവിനുള്ള സാദ്ധ്യതകൾ പരിശോധിച്ച് മൂല്യവർദ്ധന മേഖലയിൽ കൃഷിക്കൂട്ടങ്ങൾ രൂപീകരിക്കണം.
- ഉല്പന്നങ്ങളുടെ പ്രാദേശിക, ജില്ലാ, അന്തർ ജില്ലാവിപണി കണ്ടെത്തണം.

**വിഭവ സമാഹരണം**

കൃഷി സമൃദ്ധി പദ്ധതിക്കായുള്ള വിഭവസമാഹരണം തദ്ദേശ സ്ഥാപനതലത്തിൽ ഉണ്ടാകണം. കൃഷി വകുപ്പ് 2024- 25 വർഷം വിവിധ പദ്ധതി ശീർഷകങ്ങളിൽ നിന്നും കൃഷിസമൃദ്ധി പദ്ധതിക്കായി വകയിരുത്തേണ്ട തുക പ്രത്യേകമായി കണക്കാക്കി കൃഷി സമൃദ്ധി പദ്ധതിക്കായി നീക്കി വയ്ക്കേണ്ടതാണ്. കൃഷിവകുപ്പിന്റെ വിവിധ പ്രോജക്ടുകളിൽ ഉൾപ്പെട്ടിരിക്കുന്ന തുകയും ആവശ്യകത വിലയിരുത്തി കൃഷി സമൃദ്ധി പദ്ധതിക്കായി വക കൊള്ളിക്കാവുന്നതാണ്.

കൃഷിവകുപ്പ് , തദ്ദേശഭരണ വകുപ്പ്, മണ്ണുപര്യവേഷണ മണ്ണ് സംരക്ഷണ വകുപ്പ്, മൃഗസംരക്ഷണ വകുപ്പ് , ക്ഷീര വികസന വകുപ്പ്, വ്യവസായ വകുപ്പ് , മത്സ്യബന്ധന വകുപ്പ് തുടങ്ങിയ വകുപ്പുകളുടെ നിലവിലുള്ള പദ്ധതികളുമായുള്ള ഏകോപനത്തിലൂടെ പദ്ധതി തുകയും മാനവ ശേഷിയും വിഭവസമാഹരണത്തിനായി ഏകോപിക്കാൻ സാധ്യമാകും. കൂടാതെ വിവിധ കേന്ദ്രാവിഷ്കൃത പദ്ധതികളിൽ നിന്നും ലഭ്യമാകുന്ന തുകയും ഫലപ്രദമായി സംയോജിപ്പിച്ച് ആയിരിക്കണം പദ്ധതി നടപ്പിലാക്കേണ്ടത്. കൃഷിക്കൂട്ടങ്ങളുടെ പ്രവർത്തനമികവ് നബാർഡ് മാർഗ്ഗരേഖ പ്രകാരമുള്ള ഗ്രേഡിംഗ് മാനദണ്ഡങ്ങൾ പ്രകാരം നിശ്ചയിച്ച് കൃഷിക്കൂട്ടങ്ങൾക്കാവശ്യമായ പ്രവർത്തന മൂലധനം ബാങ്ക് വായ്പാ ബന്ധങ്ങൾ വഴി തരപ്പെടുത്തി നൽകുവാനും സാദ്ധ്യമാകണം.

വികേന്ദ്രീകൃത ആസൂത്രണ സംസ്ഥാനതല കോർഡിനേഷൻ കമ്മിറ്റിയുടെ 13/8/2024 ലെ യോഗ നടപടി പ്രകാരം കൃഷി സമൃദ്ധി പദ്ധതിക്കും കൃഷിക്കൂട്ടങ്ങൾക്കും തദ്ദേശഭരണ വകുപ്പ് അംഗീകാരം നൽകിയിട്ടുണ്ട് . ഇതിന്റെ അടിസ്ഥാനത്തിൽ കൂടി ആയിരിക്കണം വാർഡ് തല ഉൽപാദന വിപണന പ്ലാൻ (മൈക്രോ പ്ലാൻ) തയ്യാറാക്കേണ്ടത്. വിവിധ സംസ്ഥാനവിഷ്കൃത പദ്ധതികൾ, കേന്ദ്രവിഷ്കൃത പദ്ധതി, CSR വിഹിതം , MGNREGS, നബാർഡ് മുതലായ വിഹിതങ്ങൾ തുടങ്ങിയവ പരമാവധി സ്വരൂപിച്ച് പദ്ധതി നടപ്പാക്കുവാൻ ആവശ്യമായ തുടർനടപടികൾ കൃഷി ഓഫീസർ കൈക്കൊള്ളേണ്ടതും ബ്ലോക്ക് തലത്തിൽ ബന്ധപ്പെട്ട കൃഷി അസിസ്റ്റന്റ് ഡയറക്ടർ ഇക്കാര്യം ഏകോപിപ്പിക്കേണ്ടതുമാണ്. 2024-25 സാമ്പത്തിക വർഷം പദ്ധതി നടത്തിപ്പിന് ഏകോപനത്തിലൂടെ അധിക തുക ആവശ്യമുണ്ടെങ്കിൽ ഇക്കാര്യം ബന്ധപ്പെട്ട തദ്ദേശഭരണ

സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തി നടപടി കൈക്കൊള്ളാവുന്നതാണ്. തുടർ പദ്ധതിയായതിനാൽ വിള ഉത്പാദന വിപണന പ്ലാനിന്റെ അടിസ്ഥാനത്തിൽ 2025-26 സാമ്പത്തിക വർഷം പദ്ധതിക്കായി നീക്കി വയ്ക്കേണ്ട തുക മുൻകൂട്ടി പ്രത്യേകമായി കണക്കാക്കേണ്ടതും വിവിധ വകുപ്പുകളും ആയി പദ്ധതി ഏകോപിപ്പിക്കാൻ ആവശ്യമായ നടപടികൾ കൃഷി ഡയറക്ടർ തലത്തിൽ കൈക്കൊള്ളേണ്ടതുമാണ്.

**നിർവഹണം**

കൃഷി സമൃദ്ധി പദ്ധതിയുടെ നിർവഹണച്ചുമതല ബന്ധപ്പെട്ട കൃഷി ഓഫീസറിൽ നിക്ഷിപ്തമായിരിക്കും . തദ്ദേശ ഭരണ സ്ഥാപനവുമായി ചേർന്ന് വിവിധ വകുപ്പുകളുടെ ഏകോപനത്തോടെ ഒരു ജനകീയ പദ്ധതിയായി ആകണം കൃഷി സമൃദ്ധി പദ്ധതി നടപ്പാക്കേണ്ടത്. തിരഞ്ഞെടുക്കപ്പെട്ട കൃഷിഭവൻ ഉൾപ്പെടുന്ന പ്രദേശത്തെ അസിസ്റ്റൻറ് ഡയറക്ടർമാർ പ്രവർത്തനത്തിന്റെ ഏകോപനത്തിനായി പ്രവർത്തിക്കേണ്ടതാണ്. കൃഷി സമൃദ്ധി പദ്ധതി ബ്ലോക്കിലെ എല്ലാ കൃഷിഭവനുകളിലേക്കും വ്യാപിപ്പിക്കുന്നതിന്റെ സാധ്യത കൂടി മുൻകൂട്ടി കണ്ടാകണം കൃഷിഭവനിലെ പ്രവർത്തനങ്ങൾ അസിസ്റ്റൻറ് ഡയറക്ടർമാർ ഏകോപിപ്പിക്കേണ്ടത്. നിലവിൽ കൃഷി ഭവനുകൾ കേന്ദ്രീകരിച്ച് നടന്നു വരുന്ന ഫാം പ്ലാനുകൾ , കൃഷി കൂട്ടങ്ങൾ, ഇവയുടെ ഭാഗമായി ഉണ്ടായ കർഷക ഉത്പാദന സംഘടനകൾ തുടങ്ങിയവയുടെ പ്രോത്സാഹനവും പദ്ധതിയിലുണ്ടാകണം. കൃഷി സമൃദ്ധി പദ്ധതിയിലേക്ക് ആദ്യഘട്ടത്തിൽ തെരഞ്ഞെടുക്കപ്പെട്ടിരിക്കുന്ന കൃഷിഭവനുകളിലേക്ക് പരമാവധി മാനവ ശേഷി ജില്ലയിൽ നിന്നും ബ്ലോക്ക് അടിസ്ഥാനത്തിൽ കണ്ടെത്തി നൽകേണ്ട ചുമതല പ്രിൻസിപ്പൽ കൃഷി ഓഫീസർ / ആത്മ പ്രൊജക്ട് ഡയറക്ടർ എന്നിവരുടേതായിരിക്കും. കൃഷി വകുപ്പിൽ വിവിധ പദ്ധതികളിൽ സേവനം അനുഷ്ഠിക്കുന്ന താൽക്കാലിക / കരാർ അടിസ്ഥാനത്തിലുള്ള ജീവനക്കാരുടെ സേവനം ആവശ്യകതനുസരിച്ച് കൃഷി സമൃദ്ധി പദ്ധതിക്കായി നൽകേണ്ടതാണ് . ഇതിനാവശ്യമായ നടപടിക്രമം കൃഷിഡയറക്ടർ പുറപ്പെടുവിക്കേണ്ടതാണ്.

**സംഘടനാ സംവിധാനം**

തദ്ദേശസ്വയംഭരണ സ്ഥാപന വാർഡ് തലത്തിൽ കൃഷിക്കൂട്ടങ്ങളുടെ നേതൃത്വത്തിൽ ഉൽപ്പാദന, മൂല്യവർദ്ധിത, സേവന /വിപണന മേഖലകൾ കൂട്ടിയിണക്കി സമഗ്രമായ 'മൈക്രോപ്ലാൻ' വാർഡ് തലത്തിൽ തയ്യാറാക്കി അവയെ പഞ്ചായത്ത്/നഗരസഭാ തലങ്ങളിൽ പദ്ധതിയാക്കി ആവശ്യമായ പിന്തുണ നൽകിക്കൊണ്ടും സാധ്യമായ എല്ലാ വിഭവങ്ങളും സംയോജിപ്പിച്ചുകൊണ്ടും അനുകരണീയ മാതൃകകൾ സൃഷ്ടിച്ചുകൊണ്ടും ആണ് പദ്ധതി നടപ്പിലാക്കുന്നത്.

**വാർഡ് തല നിർവ്വഹണ സമിതി**

**ഘടന :-**

ചെയർമാൻ - വാർഡ് മെമ്പർ/കൗൺസിലർ

കൺവീനർ-വാർഡിന്റെ ചുമതലയുള്ള അസിസ്റ്റന്റ് കൃഷി ഓഫീസർ/ കൃഷി അസിസ്റ്റന്റ്

ജോയിന്റ് കൺവീനർ - കർഷക മിത്ര (വാർഡ് തലങ്ങളിലെ തദ്ദേശീയരായ കൃഷി ശാസ്ത്രത്തിലെ VHSC, ഡിപ്ലോമ, ബിരുദധാരികൾ സന്നദ്ധ സേവനത്തിന് തല്പരരാണെങ്കിൽ മാത്രം)

അംഗങ്ങൾ - വാർഡിലെ കൃഷിക്കൂട്ടങ്ങളിലെ എല്ലാ അംഗങ്ങളും

ADS ചെയർ പേഴ്സൺ/ MGNREGS മേറ്റ്

വാർഡിലെ ഉത്തമ കൃഷി കുടുംബങ്ങളിലെ പ്രതിനിധി - 2 പേർ

കൃഷി ഓഫീസർ നോമിനേറ്റ് ചെയ്യുന്ന 2 കർഷക പ്രതിനിധികൾ

പൊതുപ്രവർത്തകർ / സന്നദ്ധ സേവകർ - 2 പേർ

ചുമതലകൾ :

- കൃഷി സമൃദ്ധി പദ്ധതിയുടെ വാർഡ് തല പ്രവർത്തന അവലോകനം
- വാർഡിലെ സമാന കൃഷികളെ അടിസ്ഥാനമാക്കി കർഷകരെ ഉൾപ്പെടുത്തി കൃഷിക്കൂട്ടങ്ങളെ തയ്യാറാക്കുക.
- വാർഡിലുള്ള കൃഷിയോഗ്യമായ തരിശ് നിലങ്ങൾ കണ്ടെത്തുക.
- ലക്ഷ്യമിടുന്ന ഭൗതിക നേട്ടങ്ങളിൽ എത്തിച്ചേരുവാൻ ആവശ്യമായ നേതൃത്വം നൽകുക.
- പരമാവധി കാർഷികോല്പാദനത്തിനും, വാർഡ് പരിധിയിലെ കഴിയുന്നത്ര ജനതയെ കാർഷിക മേഖലയുമായി ബന്ധപ്പെടുത്തുന്നതിനും പ്രാദേശിക തലത്തിൽ വിപണന സാദ്ധ്യതകൾ കണ്ടെത്തുന്നതിനും സഹായിക്കുക.
- കാർഷിക സേവനങ്ങളെയും കർഷക തൊഴിലാളികളെ ഏകോപിപ്പിക്കുകയും സാങ്കേതിക വൈദഗ്ധ്യം നേടുന്നതിന് സഹായിക്കുകയും ചെയ്യുക.
- വാർഡ് തല ഉൽപ്പാദന വിള നിർണ്ണയ വിപണന രേഖ തയ്യാറാക്കുന്നതിന് കർഷകർ, കർഷക തൊഴിലാളികൾ, കാർഷിക വിദഗ്ധർ, കുടുംബശ്രീ, അയൽക്കൂട്ടങ്ങൾ, ആശാവർക്കർമാർ, അംഗൻവാടി ടീച്ചർമാർ, പ്രധാനാധ്യാപകർ, ഗ്രാമ തലത്തിലുള്ള സ്കൂളുകൾ, കാർഷിക മേഖലയിൽ പ്രവർത്തിക്കുന്ന സംഘടനകൾ, ക്ലബുകൾ, ഹൌസിങ് കോളനികൾ, സ്ഥാപനങ്ങൾ, കോളനികൾ, ഫ്ലാറ്റുകൾ, തുടങ്ങിയവരിൽ നിന്നുള്ള ആശയങ്ങൾ ക്രോഡീകരിക്കുക.
- ഉൽപ്പാദന വിള നിർണ്ണയ വിപണന രേഖയെ അടിസ്ഥാനമാക്കി വിള നിശ്ചയിക്കുക, കൃഷി ചെയ്യുന്നതിനുള്ള കൃഷിയിടങ്ങൾ കണ്ടെത്തുക.
- കൃഷി ചെയ്യുന്നതിനുള്ള ഭൗതിക സാഹചര്യങ്ങളും സാങ്കേതിക സഹായങ്ങളും എത്തിക്കുക.
- കാർഷിക വിഭവങ്ങളുടെ മൂല്യവർദ്ധനവിനുള്ള സാദ്ധ്യതകൾ പരിശോധിച്ച് മൂല്യവർദ്ധന മേഖലയിൽ കൃഷിക്കൂട്ടങ്ങൾ രൂപീകരിക്കുക.
- ഉല്പന്നങ്ങളുടെ പ്രാദേശിക, ജില്ലാ, അന്തർ ജില്ലാവിപണി കണ്ടെത്തുക.
- വാർഡിലെ പ്രമുഖരെയും കൃഷി ചെയ്യാൻ താല്പര്യമുള്ളവരെയും കാർഷിക മേഖലയിലേക്ക് ആകർഷിക്കുക
- പൊതു ഇടങ്ങൾ കൃഷിയോഗ്യമാക്കുന്നതിനുള്ള സാദ്ധ്യതകൾ കണ്ടെത്തി കൃഷിയോഗ്യമാക്കുക.
- വാർഡുകൾ കേന്ദ്രീകരിച്ച് മാതൃകാ പ്ലോട്ടുകൾ സ്ഥാപിക്കുക.
- രണ്ടാഴ്ചയിലൊരിക്കൽ യോഗം ചേർന്ന് പ്രവർത്തനങ്ങൾ അവലോകനം ചെയ്യുക
- കൃഷിക്കൂട്ടത്തിന്റെ കൃഷിയുമായി സംബന്ധിച്ച് നില നിൽക്കുന്ന അടിസ്ഥാന സൗകര്യം, സാങ്കേതികം, വിപണനം, മൂല്യവർധന എന്നിവയുമായി ബന്ധപ്പെട്ട വെല്ലുവിളികൾ വാർഡ് തല സമിതിയിൽ സമഗ്രമായി ചർച്ച ചെയ്ത് രേഖപ്പെടുത്തി റിപ്പോർട്ട് ചെയ്യുക.

**തദ്ദേശ സ്വയം ഭരണ സ്ഥാപനതല  നിർവഹണ ഉപദേശക സമിതി**

കൃഷി സമൃദ്ധി പദ്ധതിയുടെ  തദ്ദേശ സ്വയം ഭരണ സ്ഥാപനതല  നിർവഹണ ഉപദേശക സമിതി തദ്ദേശ സ്വയംഭരണ സ്ഥാപന തലത്തിൽ നിലവിൽ പ്രവർത്തിക്കുന്നതും  തദ്ദേശ സ്വയംഭരണ സ്ഥാപനതലവൻ അധ്യക്ഷനുമായുള്ള കാർഷിക വികസന സമിതി ആയിരിക്കും. എല്ലാമാസവും കാർഷിക വികസന സമിതിയുടെ യോഗം നിർബന്ധമായും കൂടിയിരിക്കണം. ഈ യോഗങ്ങളിൽ കൃഷിസമൃദ്ധി പദ്ധതി പ്രവർത്തനങ്ങൾ നിർബന്ധിത അജണ്ടയായി ഉൾപ്പെടുത്തി വിലയിരുത്തേണ്ടതാണ്.

**ജില്ലാ / സംസ്ഥാന തല നിർവഹണ സമിതിയും വിലയിരുത്തൽ സമിതിയും**

കൃഷി സമൃദ്ധി പദ്ധതിയുടെ ജില്ലാതല അവലോകനം ബന്ധപ്പെട്ട പ്രിൻസിപ്പൽ കൃഷി ഓഫീസർ അദ്ധ്യക്ഷനും ആത്മ പ്രൊജക്ട് ഡയറക്ടർ  ഉപാധ്യക്ഷനും  ബന്ധപ്പെട്ട അസിസ്റ്റന്റ് ഡയറക്ടമാർ അംഗങ്ങളും ആയ ഒരു സമിതി എല്ലാ ആഴ്ചകളിലും നിർവഹിക്കേണ്ടതാണ്. സംസ്ഥാനതല അവലോകനം  കൃഷി വകുപ്പ് സെക്രട്ടറി /സ്പെഷ്യൽ സെക്രട്ടറി അധ്യക്ഷനായുള്ളതും കൃഷി ഡയറക്ടർ കൺവീനറുമായ ഒരു സമിതി എല്ലാ മാസങ്ങളിലും മാസത്തിലെ നാലാമത്തെ ആഴ്ചയിൽ വിലയിരുത്തേണ്ടതും കാർഷികോൽപാദന കമ്മീഷണർക്ക് റിപ്പോർട്ട് ചെയ്യേണ്ടതുമാണ്.

**ഭൗതിക നേട്ടങ്ങൾ**

**ആദ്യഘട്ടം**

- ഏതൊരാൾക്കും പരസ്പര ധാരണയുടെ അടിസ്ഥാനത്തിൽ ഭൂമിലഭ്യമാക്കി കാർഷിക മേഖലയിൽ പ്രവർത്തനം സാധ്യമാകുന്ന "നവോധാൻ" പദ്ധതിയുടെ ഫലപ്രദമായ നടത്തിപ്പ്.
- ഘട്ടം ഘട്ടമായി പച്ചക്കറിയിൽ  സ്വയം പര്യാപ്തത.
- ഒരു കൃഷി ഭവൻ പരിധിയിൽ 300 തൊഴിലവസരങ്ങൾ.
- ഒരു കൃഷിഭവൻ പരിധിയിൽ 100 പുതിയ കർഷകർ
- ഓരോ കൃഷി ഭവൻ കേന്ദ്രീകരിച്ചും ഒരു മാതൃകാ പ്ലോട്ട്
- ഒരേക്കറിലധികം വിസ്തൃതിയുള്ള107 ഹൈടെക് കൃഷിയിടങ്ങൾ.
- ഒരു കൃഷിഭവൻ കേന്ദ്രീകരിച്ച് അഞ്ച് ഏക്കറിലും  അതിൽ അധികവും വിസ്തൃതി ഉള്ളതും തരിശുഭൂമിയായി നിലനിന്നിരുന്നതും ആയ 3 മുതൽ 5 വരെ  കൃഷിയിടങ്ങൾ .
- ഒരു കൃഷിഭവൻ കേന്ദ്രീകരിച്ച് 50 സെൻറ് മുതൽ ഒരേക്കർ വരെ വിസ്തൃതിയുള്ള 5 മുതൽ 10 വരെ ഫ്രൂട്ട് ഗാർഡനുകൾ
- ഒരു കൃഷിഭവൻ കേന്ദ്രീകരിച്ച് 50 സെന്ററിൽ പോഷക തോട്ടം
- ഒരേക്കർ വീതം വിസ്തൃതിയിൽ 107 ജൈവ പ്ലോട്ടുകൾ
- ഓരോ കൃഷി ഭവൻ കേന്ദ്രീകരിച്ചും 5 ഏക്കറിൽ അധികം വിസ്തൃതിയിൽ പൂക്കൃഷി
- ബ്ലോക്ക് കേന്ദ്രീകരിച്ച് സേവന മേഖലയിലെ പൂർണ്ണ യന്ത്രവൽകൃതമായ കൃഷിക്കൂട്ടങ്ങൾ
- ഓരോ കൃഷി ഭവൻ കേന്ദ്രീകരിച്ചും 3  വിപണികൾ വീതം
- ഓരോ കൃഷി ഭവൻ കേന്ദ്രീകരിച്ചും കേരളാഗ്രോ ബ്രാൻഡിൽ 5 കാർഷിക ഉല്പന്നങ്ങൾ വീതം
- 50 സെന്റിൽ അധികരിക്കാതെ 107 കൃഷിയിടങ്ങളിൽ കാർബൺ ന്യൂലിത കൃഷി .

**ഏകോപനം**

**കൃഷി സമൃദ്ധി പദ്ധതിയുമായി സംയോജിപ്പിച്ചുകൊണ്ട്, പ്രാദേശിക സാഹചര്യങ്ങൾ വിലയിരുത്തി നടപ്പിലാക്കാൻ കഴിയുന്ന കാർഷികപദ്ധതികൾ ചുവടെ ചേർക്കുന്നു .**

1. തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ കൃഷി അനുബന്ധ മേഖലയിലേക്ക് വകയിരുത്തുന്ന തുക.

2. കൃഷി വകുപ്പ് മുഖേനേ നടപ്പാക്കുന്ന കേന്ദ്രാവിഷ്കൃത പദ്ധതികൾ

3. സ്റ്റേറ്റ് ഹോർട്ടികൾച്ചർ മിഷൻ മുഖേന നടപ്പാക്കുന്ന പദ്ധതികൾ

4. മണ്ണ് പര്യവേഷണ മണ്ണ് സംരക്ഷണ വകുപ്പിന്റെ വിവിധ പദ്ധതികൾ

5. നെൽകൃഷി വികസന പദ്ധതിയും അതോടൊപ്പമുള്ള ഘടകപദ്ധതികളും

6. പച്ചക്കറി വികസന പദ്ധതിയും അതോടൊപ്പമുള്ള വിവിധ ഘടക പദ്ധതികളും

7. നാളികേര വികസന പദ്ധതിയും അതോടൊപ്പമുള്ള വിവിധ ഘടക പദ്ധതികളും ( കേരഗ്രാമം, കോക്കനട്ട് കൗൺസിൽ മുതലായവ)

8. വിളയിടാധിഷ്ഠിത ആസൂത്രണപദ്ധതിയും അനുബന്ധ പദ്ധതികളും

9. സുഗന്ധവ്യഞ്ജന വിളകളുടെ വികസന പദ്ധതി

10. പഴങ്ങൾ, പൂക്കൾ, ഔഷധസസ്യങ്ങൾ എന്നിവയുടെ വികസനത്തിനുള്ള പദ്ധതി

11. വിള വൈവിദ്ധ്യവത്കരണ പദ്ധതി, മണ്ണ് ആരോഗ്യ പദ്ധതി, വിള ആരോഗ്യ പദ്ധതി

12. ജൈവകൃഷിയും ഉത്തമകാർഷിക മുറകളും പ്രോത്സാഹിപ്പിക്കുന്ന പദ്ധതി

13. ഫാമുകളുടെ നടീൽ വസ്തുക്കൾ ഉത്പാദിപ്പിക്കുന്നതിനുള്ള പദ്ധതി

14. ലാബുകളുടെ നവീകരണവും ആധുനികവത്കരണവും സംബന്ധിച്ച പദ്ധതി

15. ഐ.ടി വികസന പദ്ധതി

16. കാർഷിക വിജ്ഞാന വ്യാപന പദ്ധതി

17. കാർഷിക യന്ത്രവത്കരണത്തിനുള്ള പിന്തുണ നല്കുന്ന പദ്ധതികൾ

18. പ്രകൃതിക്ഷോഭം മൂലം ഉണ്ടാകുന്ന കൃഷിനാശ നഷ്ടപരിഹാരം നല്കുന്ന പദ്ധതികൾ

19. കുട്ടനാട് വികസന പദ്ധതി

20. വിപണി വികസന പദ്ധതികൾ

21. അടിസ്ഥാന വില പിന്തുണ നല്കുന്ന പദ്ധതി

22. പച്ചതേങ്ങാ സംഭരണ പദ്ധതി

23. വിളവെടുപ്പാനന്തര ഉത്പന്ന കൈകാര്യം ചെയ്യലിനുള്ള പദ്ധതികൾ

24. NABARD-RIDF പദ്ധതി

25. NAWODHAN സ്കീം

26. SAHAKARI-SLA കരാറുകൾ

<u>അനുബന്ധം-2</u>

"കൃഷി സമൃദ്ധി" പദ്ധതി പൈലറ്റ് അടിസ്ഥാനത്തിൽ നടപ്പിലാക്കുന്നതിലേക്കായി തെരഞ്ഞെടുത്ത തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ലിസ്റ്റ്.

1 കല്ലിയൂർ കൃഷി ഭവൻ, തിരുവനന്തപുരം ജില്ല
2 പള്ളിച്ചൽ കൃഷി ഭവൻ, തിരുവനന്തപുരം ജില്ല
3. നേമം കൃഷി ഭവൻ, തിരുവനന്തപുരം ജില്ല
4. വട്ടിയൂർക്കാവ് കൃഷി ഭവൻ, തിരുവനന്തപുരം ജില്ല
5. ആനാട് കൃഷി ഭവൻ, തിരുവനന്തപുരം ജില്ല
6. നെടുമങ്ങാട് (മുൻസി.) കൃഷി ഭവൻ, തിരുവനന്തപുരം ജില്ല
7. ചിറയൻകീഴ് കൃഷി ഭവൻ, തിരുവനന്തപുരം ജില്ല
8. ചെമ്മരുതി കൃഷി ഭവൻ, തിരുവനന്തപുരം ജില്ല
9. ചാത്തന്നൂർ കൃഷി ഭവൻ, കൊല്ലം ജില്ല
10. പെരിനാട് കൃഷി ഭവൻ, കൊല്ലം ജില്ല
11. കമ്മിൾ കൃഷി ഭവൻ, കൊല്ലം ജില്ല
12. ഏരൂർ കൃഷി ഭവൻ, കൊല്ലം ജില്ല
13. പട്ടാഴി നോർത്ത് കൃഷി ഭവൻ, കൊല്ലം ജില്ല
14. മൈലം കൃഷി ഭവൻ, കൊല്ലം ജില്ല
15. പോരുവഴി കൃഷി ഭവൻ കൊല്ലം ജില്ല
16. പന്തളം തെക്കേക്കര കൃഷി ഭവൻ, പത്തനംതിട്ട ജില്ല
17. വള്ളിക്കോട് കൃഷി ഭവൻ, പത്തനംതിട്ട ജില്ല
18. ഇരവിപേരൂർ കൃഷി ഭവൻ പത്തനംതിട്ട ജില്ല
19. പെരുനാട് കൃഷി ഭവൻ, പത്തനംതിട്ട ജില്ല
20. കുറ്റൂർ കൃഷി ഭവൻ, പത്തനംതിട്ട ജില്ല
21. ബുധനൂർ കൃഷി ഭവൻ, ആലപ്പുഴ ജില്ല
22 ചുനക്കര കൃഷി ഭവൻ, ആലപ്പുഴ ജില്ല
23. ദേവികുളങ്ങര കൃഷി ഭവൻ, ആലപ്പുഴ ജില്ല

24. കുമാരപുരം കൃഷി ഭവൻ, ആലപ്പുഴ ജില്ല
25. എടത്വ കൃഷി ഭവൻ, ആലപ്പുഴ ജില്ല
26. മാരാരിക്കുളം സൗത്ത് കൃഷി ഭവൻ,ആലപ്പുഴ ജില്ല
27. ചേർത്തല (മുൻസി) കൃഷിഭവൻ, ആലപ്പുഴ ജില്ല
28. കഞ്ഞിക്കുഴി കൃഷിഭവൻ, ആലപ്പുഴ ജില്ല
29. വയലാർ കൃഷി ഭവൻ ,ആലപ്പുഴ ജില്ല
30.ചേർത്തല സൗത്ത് കൃഷി ഭവൻ, ആലപ്പുഴ ജില്ല
31. പൂഞ്ഞാർ കൃഷി ഭവൻ, കോട്ടയം ജില്ല
32. കാഞ്ഞിരപ്പള്ളി കൃഷി ഭവൻ,, കോട്ടയം ജില്ല
33. തൃക്കൊടിത്താനം കൃഷി ഭവൻ, കോട്ടയം ജില്ല
34. കോട്ടയം (മുൻസി.) കൃഷി ഭവൻ, കോട്ടയം ജില്ല
35. തിരുവാർപ്പ് കൃഷി ഭവൻ, കോട്ടയം ജില്ല
36. മറവൻതുരുത്ത് കൃഷി ഭവൻ, കോട്ടയം ജില്ല
37. കടുത്തുരുത്തി കൃഷി ഭവൻ, കോട്ടയം ജില്ല
38. എലിക്കുളം കൃഷി ഭവൻ, കോട്ടയം ജില്ല
39. വണ്ടിപ്പെരിയാർ കൃഷി ഭവൻ, ഇടുക്കി ജില്ല
40. കൊന്നത്തടി കൃഷി ഭവൻ, ഇടുക്കി ജില്ല
41. തൊടുപുഴ (മുൻസി.) കൃഷി ഭവൻ,, ഇടുക്കി ജില്ല
42. കാന്തല്ലൂർ കൃഷി ഭവൻ, ഇടുക്കി ജില്ല
43. കോതമംഗലം (മുൻസി.) കൃഷി ഭവൻ, എറണാകുളം ജില്ല
44. മുളന്തുരുത്തി കൃഷി ഭവൻ, എറണാകുളം ജില്ല
45 തിരുവാണിയൂർ കൃഷി ഭവൻ, എറണാകുളം ജില്ല
46. ഉദയംപേരൂർ കൃഷി ഭവൻ, എറണാകുളം ജില്ല
47 പറവൂർ (മുൻസി.) കൃഷി ഭവൻ, എറണാകുളം ജില്ല
48. കരുമാല്ലൂർ കൃഷി ഭവൻ, എറണാകുളം ജില്ല
49. എടത്തല കൃഷി ഭവൻ, എറണാകുളം ജില്ല
50. മലയാറ്റൂർ നീലേശ്വരം കൃഷി ഭവൻ, എറണാകുളം ജില്ല
51. ഒക്കൽ കൃഷി ഭവൻ, എറണാകുളം ജില്ല
52. മാള കൃഷി ഭവൻ, തൃശ്ശൂർ ജില്ല
53. വെറ്റിലപ്പാറ കൃഷി ഭവൻ, തൃശ്ശൂർ ജില്ല
54. മറ്റത്തൂർ കൃഷി ഭവൻ, തൃശ്ശൂർ ജില്ല
55. പൂമംഗലം കൃഷി ഭവൻ, തൃശ്ശൂർ ജില്ല
56. പെരിഞ്ഞനം കൃഷി ഭവൻ, തൃശ്ശൂർ ജില്ല
57. പാറളം കൃഷി ഭവൻ, തൃശ്ശൂർ ജില്ല
58. തൃശ്ശൂർ (മുൻസി.) കൃഷി ഭവൻ, തൃശ്ശൂർ ജില്ല
59. പാണഞ്ചേരി കൃഷി ഭവൻ, തൃശ്ശൂർ ജില്ല
60. തെക്കുംകര കൃഷി ഭവൻ, തൃശ്ശൂർ ജില്ല

61. പാവറട്ടി കൃഷി ഭവൻ, തൃശ്ശൂർ ജില്ല
62. ചേലക്കര കൃഷി ഭവൻ, തൃശ്ശൂർ ജില്ല
63. പുതുക്കോട് കൃഷി ഭവൻ, പാലക്കാട് ജില്ല
64. എലവഞ്ചേരി കൃഷി ഭവൻ, പാലക്കാട് ജില്ല
65. പെരുമാട്ടി കൃഷി ഭവൻ, പാലക്കാട് ജില്ല
66. കോട്ടായി കൃഷി ഭവൻ, പാലക്കാട് ജില്ല
67. എലപ്പുള്ളി കൃഷി ഭവൻ, പാലക്കാട് ജില്ല
68. ഷോളയൂർ കൃഷി ഭവൻ, പാലക്കാട് ജില്ല
69. പുതൂർ കൃഷി ഭവൻ, പാലക്കാട് ജില്ല
70. കരിമ്പ കൃഷി ഭവൻ, പാലക്കാട് ജില്ല
71. ഒറ്റപ്പാലം (മുൻസി.) കൃഷി ഭവൻ, പാലക്കാട് ജില്ല
72. വിളയൂർ കൃഷി ഭവൻ, പാലക്കാട് ജില്ല
73. തൃത്താല കൃഷി ഭവൻ, പാലക്കാട് ജില്ല
74. മാറഞ്ചേരി കൃഷി ഭവൻ, മലപ്പുറം ജില്ല
75. തവനൂർ കൃഷി ഭവൻ, മലപ്പുറം ജില്ല
76. താനാളൂർ കൃഷി ഭവൻ, മലപ്പുറം ജില്ല
77. വേങ്ങര കൃഷി ഭവൻ, മലപ്പുറം ജില്ല
78. കോട്ടൂർ കൃഷി ഭവൻ, മലപ്പുറം ജില്ല
79. മക്കരപ്പറമ്പ് കൃഷി ഭവൻ, മലപ്പുറം ജില്ല
80. പെരിന്തൽമണ്ണ (മുൻസി.) കൃഷി ഭവൻ, മലപ്പുറം ജില്ല
81. തൃക്കലങ്ങോട് കൃഷി ഭവൻ, മലപ്പുറം ജില്ല
82. ചുങ്കത്തറ കൃഷി ഭവൻ, മലപ്പുറം ജില്ല
83. അരീക്കോട് കൃഷി ഭവൻ, മലപ്പുറം ജില്ല
84. മുക്കം കൃഷി ഭവൻ, കോഴിക്കോട് ജില്ല
85. ഓമശ്ശേരി കൃഷി ഭവൻ, കോഴിക്കോട് ജില്ല
86. കടലുണ്ടി കൃഷി ഭവൻ, കോഴിക്കോട് ജില്ല
87. കാക്കൂർ കൃഷി ഭവൻ, കോഴിക്കോട് ജില്ല
88. പേരാമ്പ്ര കൃഷി ഭവൻ, കോഴിക്കോട് ജില്ല
89. കൊയിലാണ്ടി (മുൻസി.) കൃഷി ഭവൻ, കോഴിക്കോട് ജില്ല
90. മരുത്തോംകര കൃഷി ഭവൻ, കോഴിക്കോട് ജില്ല
91. കുറ്റ്യാടി കൃഷി ഭവൻ, കോഴിക്കോട് ജില്ല
92. വെങ്ങാപ്പള്ളി കൃഷി ഭവൻ, വയനാട് ജില്ല
93. അമ്പലവയൽ കൃഷി ഭവൻ, വയനാട് ജില്ല
94. തിരുനെല്ലി കൃഷി ഭവൻ, വയനാട് ജില്ല
95. മാങ്ങാട്ടിടം കൃഷി ഭവൻ, കണ്ണൂർ ജില്ല
96. കുത്തുപറമ്പ് (മുൻസി. ) കൃഷി ഭവൻ, കണ്ണൂർ ജില്ല
97. കതിരൂർ കൃഷി ഭവൻ, കണ്ണൂർ ജില്ല

98. അഞ്ചരക്കണ്ടി കൃഷി ഭവൻ, കണ്ണൂർ ജില്ല
99. പിണറായി കൃഷി ഭവൻ, കണ്ണൂർ ജില്ല
100. നാറാത്ത് കൃഷി ഭവൻ, കണ്ണൂർ ജില്ല
101. കുറ്റിയാട്ടൂർ കൃഷി ഭവൻ, കണ്ണൂർ ജില്ല
102. ചെറുതാഴം കൃഷി ഭവൻ, കണ്ണൂർ ജില്ല
103. പീലിക്കോട് കൃഷി ഭവൻ, കാസർഗോഡ് ജില്ല
104. കാഞ്ഞങ്ങാട് (മുൻസി.) കൃഷി ഭവൻ, കാസർഗോഡ് ജില്ല
105. ബെദടുക്ക കൃഷി ഭവൻ, കാസർഗോഡ് ജില്ല
106. കാരടുക്ക കൃഷി ഭവൻ, കാസർഗോഡ് ജില്ല
107. എമ്മകജെ കൃഷി ഭവൻ, കാസർഗോഡ് ജില്ല